**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1364** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഇടുക്കി പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കിയുടെ സമഗ്ര മേഖലകളിലുമുള്ള വികസനം ലക്ഷ്യമാക്കി ഇടുക്കി പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എത്ര രൂപയുടെ പാക്കേജാണ് ജില്ലയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ളത്; | (ബി) | ഇടുക്കിയുടെ സമഗ്ര വികസനവും സമ്പദ് സമൃദ്ധിയും ലക്ഷ്യമിട്ട് കൊണ്ട് അഞ്ച് വർഷം കൊണ്ട് നടപ്പാക്കുന്ന 12,000 കോടി രൂപയുടെ പാക്കേജ് ആണ് പ്രഖ്യാപിച്ചിട്ടുള്ളത്. |
| (സി) | പാക്കേജ് നടപ്പിലാക്കുന്നതിനായി നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (സി) | സ്പെഷ്യൽ ഓഫീസർ ആയി ശ്രീ. അർജ്ജുൻ പാണ്ഡ്യൻ ഐ.എ.എസ്. -നെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ഡി) | പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്തുന്നതിനായി കൃഷി, തദ്ദേശ സ്വയംഭരണം, വ്യവസായം, വനംവന്യ ജീവി, വിനോദ സഞ്ചാരം, റവന്യൂ പരിസ്ഥിതി, ഊർജ്ജം, പൊതു വിദ്യാഭ്യാസം, ജലസേചനം, മൃഗസംരക്ഷണം, പൊതുമരാമത്ത്, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ് . |
| (ഇ) | എന്തൊക്കെ രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താനാണ് പാക്കേജിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ? | (ഇ) | ഇടുക്കിയുടെ സമഗ്രവികസനവും സമ്പദ്സമൃദ്ധിയും ലക്ഷ്യമിട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പാക്കുക. 1. കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്ഥായിയായ രീതികളിലൂടെ കൃഷിയുടെയും മൃഗപരിപാലനത്തിന്റെയും ഉൽപ്പാദനക്ഷമത ഉയർത്തുക. 2. മൂല്യവർദ്ധിത സംസ്കരണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക. 3. ടൂറിസം വികസിപ്പിക്കുക. 4. ഭൗതിക-സാമൂഹ്യ പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുക. 5. ദാരിദ്ര്യം തുടച്ചുനീക്കുക. 6. പരിസ്ഥിതി സന്തുലനാവസ്ഥ പുനസ്ഥാപിക്കുക. ഇടുക്കി ജില്ല ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പര്യാപ്തമാണ് ഈ പാക്കേജ്. കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് |

| | | | |
|---|---|---|---|
| | | | പരിഹാരമുണ്ടാക്കണം, ദാരിദ്ര്യം തുടച്ചുമാറ്റണം, തൊഴിലില്ലായ്മ കുറയ്ക്കണം , പരിസ്ഥിതി സന്തുലനാവസ്ഥ പുന:സ്ഥാപിക്കണം എന്നീ ലക്ഷ്യങ്ങളാണ് പാക്കേജിന്റെ ഭാഗമായി നേടിയെടുക്കേണ്ടത്. ഇടുക്കി പാക്കേജ് പ്രഖ്യാപനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ